LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത സർവ്വകലാശാലയിൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ

148 (1204) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാലയിൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം (എൻ.റ്റി-ജി) കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിച്ച് വിശദാംശങ്ങൾ സർക്കാരിനെ അറിയിക്കണമെന്നുള്ള ഉത്തരവിന്മേൽ സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റെ വിലക്കിനെ മറികടന്ന് ഗുരുതരമായ വീഴ്ച വരുത്തിയവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ;

(സി) സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ ചെയ്ത നടപടികൾ സ്വീകരിച്ച് ഗവൺമെന്റിനെ അറിയിക്കുന്നതുവരെ സർവ്വകലാശാലയ്ക്ക് നൽകുന്ന ഗ്രാന്റും മറ്റു സഹായങ്ങളും തടഞ്ഞു വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ-സി) ധനകാര്യ പരിശോധന (എൻ.റ്റി-ജി) വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

അൺഎയ്ഡഡ് മേഖലയിൽ ലോ കോളേജുകൾ

149 (1205) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺഎയ്ഡഡ് മേഖലയിൽ ഈ സർക്കാർ എത്ര ലോ കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; അവ ഏതൊക്കെ ; ഏതെല്ലാം മാനേജ്മെന്റുകൾക്ക് ;

(ബി) ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ പുതുതായി കോളേജുകൾ അനുവദിച്ചിരിക്കുന്നത് ; എങ്കിൽ അത് വിശദമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; സർക്കാർ നിശ്ചയിച്ച ഫീസ് നിരക്ക് എത്ര ; മാനേജ്മെന്റ് സീറ്റുകൾ എത്ര ; ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കോഴ്സുകൾ അനുവദിച്ചിരിക്കുന്നത് ?

ഉത്തരം

(എ) പതിനെട്ട് ലോ കോളേജുകൾ അൺഎയ്ഡഡ് മേഖലയിൽ അനുവദിച്ചിട്ടുണ്ട്. മാനേജ്മെന്റ്കളെ സംബന്ധിച്ച വിവരം അനുബന്ധമായി I ആയി ചേർത്തിരിക്കുന്നു.

(ബി) അല്ല.

(സി) അൺഎയ്ഡഡ് മേഖലയിൽ അനുവദിച്ച ലാ കോളേജുകളിലെ കോഴ്സുകൾ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* മാനേജ്മെന്റ് സീറ്റുകൾ 50% ആണ് ഉള്ളത്. അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ലോ കോളേജുകളിലെ ഫീസ് നിരക്ക് അനുബന്ധം III ആയി ചേർക്കുന്നു.* ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി, ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശ, സർക്കാരിന്റെ എൻ.ഒ.സി. എന്നിവയുടെ അടിസ്ഥാനത്തിലാണ് കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്. പ്രസക്ത ഭാഗം അനുബന്ധം IV ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

കോഴിക്കോട് സർവ്വകലാശാല കാമ്പസിൽ ഹോസ്റ്റൽ പ്രശ്നത്തിൽ വിദ്യാർത്ഥികൾ നടത്തുന്ന സമരം

150 (1206) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല കാമ്പസിൽ ഹോസ്റ്റൽ പ്രശ്നമുന്നയിച്ച് വിദ്യാർത്ഥികൾ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നല്കാമോ ;

(സി) വിദ്യാർത്ഥി സമരം ഒത്തുതീർപ്പിലെത്തിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) സമരം ഒത്തുതീർപ്പാക്കാൻ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഇടപെടണമെന്ന ആവശ്യം ഉന്നയിച്ച് കത്ത് ലഭ്യമായിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-എഫ്) കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരവും വൈസ് ചാൻസലറും സിൻഡിക്കേറ്റും തമ്മിലുള്ള പ്രശ്നങ്ങളും സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 28-10-2014-ൽ വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാലയുടെ അഭ്യുദയകാംക്ഷികളും മദ്ധ്യസ്ഥരുമായവർ എന്നിവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly